

THURSDAY 09-03-2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–09/03/2023.

1. അന്താരാഷ്ട്ര ചെറു ധാന്യ (മില്ലറ്റ് ) വർഷാചരണത്തിന്റ ഭാഗമായി മാർച്ച് 13 മുതൽ 18 വരെ തിരുവനന്തപുരം, പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥിതി ചെയ്യുന്ന പ്രമുഖ ഗവേഷണ സ്ഥാപനമായ CSIR-NIIST-ഇൽ മില്ലറ്റ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. ഈ പരിപാടിയുടെ ഭാഗമായി മില്ലറ്റ് ഭക്ഷ്യോപന്നങ്ങളുടെ 60-ൽ പരം സ്റ്റാളുകളുടെ പ്രദർശനവും വില്പനയും ഒരുക്കിയിരിക്കുന്നു. ഈ അവസരത്തിൽ മില്ലറ്റ് കൃഷി രീതികളെപ്പറ്റിയും തൊഴിൽ സാധ്യതകളെപ്പറ്റിയും വിദഗ്ധരുടെ അവബോധ ക്ലാസുകൾ മില്ലറ്റ് ഭക്ഷ്യോപ്പന്നങ്ങളുടെ പ്രദർശനം, വില്പന മില്ലറ്റ് വിത്ത് വിതരണം എന്നിവയും സംഘടിപ്പിച്ചിരിക്കുന്നു. കൂടാതെ മാർച്ച് 13-ആം തീയതി രാവിലെ 10:30 മുതൽ വൈകുന്നേരം 3 മണി വരെ കർഷകസംഗമവും നടക്കുന്നു. കർഷക സംഗമത്തിൽ പങ്കെടുക്കുന്നതിനായി രജിസ്ട്രേഷൻ തികച്ചും സൗജന്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി 9846777133, 9847032159, 9496100937 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. സപ്ലൈകോ വഴി നടപ്പാക്കുന്ന നെല്ല് സംഭരണ പദ്ധതിയുടെ 2022-23 രണ്ടാംവിള സീസണിലെ ഓൺലൈൻ കർഷക രജിസ്ട്രേഷൻ മാർച്ച് 15 വരെ നീട്ടി. താല്പര്യമുള്ളവർ മാർച്ച് 15 നകം സപ്ലൈകോയുടെ നെല്ല് സംഭരണ ഓൺലൈൻ വെബ് പോർട്ടൽ ആയ **www.supplycopaddy.in** ൽ രജിസ്റ്റർ ചെയ്യണം.

3. കേരള കാർഷിക സർവകലാശാല കാർഷിക കോളേജ് വെള്ളാനിക്കരയിലെ പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ഗജേന്ദ്ര ഇനത്തിൽപ്പെട്ട ചേന വിത്ത് വില്പനയ്ക്ക് ലഭ്യമാണ്. വില കിലോയ്ക്ക് 50 രൂപ കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള അഗ്രിക്കൾച്ചറൽ യുണിവേഴ്സിറ്റിയിലെ ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ 10000 ടിഷ്യൂകൾച്ചർ വാഴതൈകൾ വില്പനക്ക്. കൂടുതൽ വിവരങ്ങൾക്ക് 9048178101, 9745884964 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. പച്ചക്കറികൾക്കും

പഴവർഗ്ഗങ്ങൾക്കും പുറമെ മറ്റു പൊതു മേഖല സ്ഥാപനങ്ങൾ/ കുടുംബശ്രീ/ഫാർമേഴ്സ്/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കൃഷി കൂട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉൽപ്പന്നങ്ങളും ഹോർട്ടി സ്റ്റോറിൽ ലഭ്യമാക്കുന്നതാണ്. സ്റ്റോറുകൾക്ക് കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ടായിരിക്കണം. സെക്യൂരിറ്റി ഡെപ്പോസിറ്റായി 25,000/ - രൂപ അടയ്ക്കേണ്ടതാണ്. ഹോർട്ടികോർപ്പ് നിർദ്ദേശിക്കുന്ന മാതൃകയിൽ സ്റ്റോറുകൾ ക്രമീകരിക്കേണ്ടതുമാണ്. താൽപര്യമുള്ള സംരംഭകർ 0471 2359651, 9447625776 എന്നീ ഫോൺ നമ്പറുകളിലോ, മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ഉദയഗിരി, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012. എന്ന വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റ പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് മാർച്ച് 9, 10 തീറ്റ പുൽ കൃഷിയിൽപരിശീലനം നല്കുന്നു.രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൈയ്യിൽ കരുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2501706/9400831831 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ whatsapp ചെയ്യുക .

7. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽനിന്ന് നടീൽവസ്തുക്കൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽനിന്നും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ, ആലക്കോട്, കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽനിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർ ഐഐ 105, ആർആർഐഐ 430, ആർആർഐഐ 414, ആർആർഐഐ 429, എന്നിവയുടെ കപ്പു തൈകൾ, കൂടത്തൈകൾ, ഒട്ടുതൈക്കുറ്റികൾ, ഒട്ടുകമ്പുകൾ എന്നിവയാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിൽ അപേക്ഷ നൽകണം. www.rubberboard.gov.in എന്ന വെബ്സൈറ്റിൽനിന്ന് അപേക്ഷ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റീജിയണൽ ഓഫീസുമായോ റബ്ബർബോർഡ് കോൾസെന്ററുമായോ (04812576622) ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

3. നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ കണ്ടുവരുന്നുണ്ട്. രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക.

നെല്ലിൽ പോള രോഗം ബാധിക്കാതിരിക്കാനുള്ള മുൻകരുതലായി ട്രൈക്കോഡെർമ ഏക്കറിന് ഒരു കിലോ എന്ന കണക്കിൽ ഞാറു പറിച്ചുനട്ടു ഒരാഴ്ചക്ക് ശേഷം ജൈവവളവുമായി കലർത്തി പാടത്തു ഇട്ടുകൊടുക്കാം. കൂടാതെ പറിച്ചു നട്ടു ഒരു മാസത്തിനു ശേഷം ഇത് 10 ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം